# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3843 11/11/2019-ൽ മറുപടിക്ക്

## കാൻസർ ഗ്രിഡിന്റെ പ്രവർത്തനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.രാജു എബ്രഹാം | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി) |
| എ) | സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം സംബന്ധിച്ച് എന്തെങ്കിലും രേഖകൾ ഉണ്ടോ; ഉണ്ടെങ്കിൽ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | എ) | കാൻസർ രോഗത്തിന്റെ എണ്ണത്തെ സംബന്ധിക്കുന്ന ആധികാരിക സമ്പൂർണ്ണ രജിസ്ട്രി സംസ്ഥാനത്ത് നിവിലില്ല. തിരുവനന്തപുരം ആർ.സി.സി യുടെയും മലബാർ കാൻസർ സെന്ററിന്റെയും നേതൃത്വത്തിൽ നടക്കുന്ന രജിസ്ട്രിയിൽ നിന്നാണ് നിലവിൽ കാൻസർ രോഗ സംബന്ധമായ കണക്കുകൾ ക്രോഡീകരിക്കുന്നത്.<br><br>സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജിലേയും കാൻസർ വിഭാഗത്തിലെ ആശുപത്രി അടിസ്ഥാനമാക്കിയുള്ള കാൻസർ രോഗികളുടെ വിവര ശേഖരണം ലഭ്യമാണ്. ഈ വിവര ശേഖരണം ICMR ന്റെ നേതൃത്വത്തിൽ NCDIR ന്റെ ഭാഗമായി തൃശ്ശൂർ മെഡിക്കൽ കോളേജിൽ 2017 മുതലും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 2019 മുതലും HBCR (Hospital Based Cancer Registry) നടപ്പിലാക്കിയിട്ടുണ്ട്. ഓരോ സ്ഥാപനത്തിൽ നിന്നും റിപ്പോർട്ട് ചെയ്ത കാൻസർ രോഗികളുടെ എണ്ണം അനുബന്ധം-1 ആയി ചേർക്കുന്നു.<br><br>സംസ്ഥാനത്ത് ഓരോ ജില്ലയിലും ജനസംഖ്യാടിസ്ഥാനത്തിലുള്ള കാൻസർ രജിസ്ട്രികൾ സ്ഥാപിച്ചാൽ മാത്രമേ ജില്ല തിരിച്ചുള്ള രോഗികളുടെ എണ്ണം സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമാകുകയുള്ളു. ആർ.സി.സി നടത്തി വരുന്ന കാൻസർ രജിസ്ട്രിയിൽ തിരുവനന്തപുരം, കൊല്ലം |

| | | | |
|---|---|---|---|
| | | | എന്നീ ജില്ലകളിലെ കാൻസർ രോഗികളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാണ്. പ്രസ്തുത കണക്കനുസരിച്ച് 2017-ൽ തിരുവനന്തപുരം ജില്ലയിൽ ആകെ 6460 പേർക്കും കൊല്ലം ജില്ലയിൽ ആകെ 5122 പേർക്കും പുതുതായി കാൻസർ രോഗം ബാധിച്ചതായി കാണുന്നു. |
| ബി) | കാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന്റെ കാരണം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ കണ്ടെത്തലുകളാണ് അത് സംബന്ധിച്ച് പുറത്തുവന്നിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) | സംസ്ഥാനത്ത് ലഭ്യമായിട്ടുള്ള കണക്കുകളുടെ അടിസ്ഥാനത്തിൽ കാൻസർ രോഗത്തിന് വർദ്ധനവ് ഉണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജീവിത ശൈലിയിൽ നിന്നും കാതലായ വ്യതിയാനം, കൃത്രിമ രാസ വസ്തുക്കളുടെ അമിതമായ ഉപയോഗം, മായം ചേർന്ന ഭക്ഷണം, പുകയില, മദ്യം എന്നിവയുടെ ഉപയോഗം, ഗാർഹിക, അന്തരീക്ഷ മലിനീകരണം എന്നിവയാണ് കാൻസർ രോഗം പിടിപെടുന്നതിനുള്ള പ്രധാന കാരണങ്ങളായി കാണപ്പെടുന്നത്. ഇതിനു പുറമേ വർദ്ധിച്ചു വരുന്ന ശരാശരി ആയുർ ദൈർഘ്യം ദീർഘസ്ഥായി രോഗങ്ങൾ നമ്മുടെ ജനങ്ങൾക്കിടയിൽ വർദ്ധിക്കുന്നതിന് കാരണമാകുന്നു. എന്നാൽ ഇത് സംബന്ധിച്ച് കൂടുതൽ പഠനങ്ങൾ നടത്തിയിട്ടില്ല. ജന സംഖ്യാടിസ്ഥാനത്തിലുള്ള കാൻസർ രജിസ്ട്രികൾ ജില്ലകൾ തോറും സ്ഥാപിച്ചാൽ മാത്രമേ കാൻസറിന്റെ വ്യക്തമായ കാരണങ്ങളെക്കുറിച്ച് പഠനം നടത്തുവാൻ സാധിക്കുകയുള്ളൂ. |
| സി) | കാൻസർ രോഗം കണ്ടെത്താനായി ജില്ലാ കേന്ദ്രങ്ങളിൽ ഏതെങ്കിലും ആശുപത്രികളോട് ചേർന്ന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഏതൊക്കെ ആശുപത്രികളിൽ ചികിത്സ ലഭ്യമാണ് എന്ന് അറിയിക്കുമോ; എന്തൊക്കെ സൗകര്യങ്ങൾ ആണ് അവിടെ ഒരുക്കിയിരിക്കുന്നത്; വിശദമാക്കുമോ; | സി) | സംസ്ഥാന ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള 23 ആശുപത്രികളിൽ കാൻസർ കെയർ യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. ഇവിടെ കീമോതെറാപ്പി ഉൾപ്പെടെയുള്ള കാൻസർ ചികിത്സാ സേവനങ്ങൾ നൽകി വരുന്നു. Blood transfusion, ascitic fluid tapping, പാലിയേറ്റീവ് കീമോതെറാപ്പി, മോർഫിൻ ചികിത്സ തുടങ്ങിയ സേവനങ്ങളാണ് ഈ കേന്ദ്രങ്ങളിലൂടെ നൽകി വരുന്നത്. ഇതിനു പുറമേ കാൻസർ രോഗ നിർണ്ണയവും ക്യാമ്പുകളും ഈ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ നടത്തി വരുന്നു. ഈ സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധം-2 ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | തിരുവനന്തപുരം, കൊച്ചി, തലശ്ശേരി എന്നീ നഗരങ്ങളിൽ യഥാക്രമം ആർ.സി.സി, കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ, മലബാർ കാൻസർ സെന്റർ എന്നീ സെന്ററുകളുടെ നേതൃത്വത്തിൽ കാൻസർ രോഗം മുൻകൂട്ടി കണ്ടു പിടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇതിൽ വായ, സ്തനം, ഗർഭാശയഗളം എന്നീ ഭാഗങ്ങളിലെ കാൻസർ രോഗം മുൻകൂട്ടി കണ്ടു പിടിക്കുന്നതിനുള്ള പരിശോധനകളാണ് പ്രധാനമായും നടത്തുന്നത്. ഇതിനു പുറമേ സംസ്ഥാന ആരോഗ്യ വകുപ്പിന്റെ കീഴിലും മുൻകൂർ കാൻസർ നിർണ്ണയ വിഭാഗങ്ങളുണ്ട്.<br>എറണാകുളം ജില്ലയിൽ ജില്ലാ കാൻസർ നിയന്ത്രണ പരിപാടി (DCCP) ആരംഭിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ PHC, CHC ഡോക്ടർമാർക്ക് കാൻസർ രോഗ നിർണ്ണയ പരിശീലന പരിപാടികൾ CCRC യിൽ സംഘടിപ്പിച്ചു വരുന്നു. അതിനോടൊപ്പം താലൂക്ക് ആശുപത്രികളിൽ കാൻസർ രോഗം നിർണ്ണയിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സർജൻസ്, ഗൈനക്കോളജിസ്റ്റ്, ENT, ദന്ത ഡോക്ടർമാർ താലൂക്ക് ആശുപത്രികളിൽ ബയോപ്സി ചെയ്യുന്നതിന് പരിശീലിപ്പിച്ചിട്ടുണ്ട്. ബയോപ്സി റിപ്പോർട്ട് ചെയ്യുന്നതിനായി DCCP യുടെ ഭാഗമായി ഒരു സെൻട്രൽ ലാബ് CCRC യുടെ മേൽനോട്ടത്തിൽ സജ്ജീകരിച്ചിട്ടുണ്ട്. |
| ഡി) | കാൻസർ രോഗികളുടെ ചികിത്സാ സൗകര്യാർത്ഥം സ്വകാര്യ മേഖലയേയും സർക്കാർ മേഖലയേയും ഏകോപിപ്പിച്ച് പ്രവർത്തിപ്പിക്കുന്ന കാൻസർ ഗ്രിഡിന്റെ പ്രവർത്തനം ആരംഭിച്ചോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ഡി) | സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ കേരള കാൻസർ സ്ട്രാറ്റജിയുടെ ഭാഗമായി സ്വകാര്യ മേഖലയിലേയും, സർക്കാർ മേഖലയിലേയും ചെറുതും വലുതുമായ കാൻസർ ചികിത്സാ കേന്ദ്രങ്ങളെ ഏകോപിപ്പിക്കുന്നതിന് കാൻസർ ഗ്രിഡ് എന്ന ആശയം സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഇത് ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള സത്വര നടപടികൾ ചികിത്സാ കേന്ദ്രങ്ങളുടെ സഹകരണത്തോടു കൂടി സർക്കാർ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| ഇ) | കാൻസർ രോഗികൾ ഉൾപ്പെടെയുള്ള രോഗികൾക്ക് സാന്ത്വന പരിചരണം ജില്ലകൾ തോറും ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ഇ) | ജില്ലാ ആശുപത്രികൾ കേന്ദ്രീകരിച്ച് കാൻസർ രോഗികൾക്ക് പാലിയേറ്റീവ് കീമോതെറാപ്പിയും വേദനാ രഹിത ചികിത്സയും നൽകുന്നതിന് 'അഭയം' എന്ന പേരിൽ പാലിയേറ്റീവ് കീമോതെറാപ്പി വാർഡുകൾ 14 ജില്ലകളിലും സ്ഥാപിച്ചിട്ടുണ്ട്. വകുപ്പിന് കീഴിലുള്ള എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും സാന്ത്വന ചികിത്സാ പദ്ധതി നിലവിലുണ്ട്. എല്ലാ പഞ്ചായത്തുകളിലും പി.എച്ച്.സി കൾ കേന്ദ്രീകരിച്ച് പ്രൈമറി കെയർ പരിചരണവും, ജില്ലാ, താലൂക്ക് ആശുപത്രികൾ, സി.എച്ച്.സി കൾ കേന്ദ്രീകരിച്ച് സെക്കൻഡറി തല പരിചരണവും വകുപ്പ് ഉറപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം -1

## Cancer reported in various Medical Colleges during the period from 2015 onwards

| Year | Medical College, Thiruvannathapuram | Medical College, Kottayam | Medical College, Thrissur | Medical College, Alappuzha | Medical college, Kozhikode | Total |
|---|---|---|---|---|---|---|
| 2015 | 2251 | 3242 | 3688 | 1434 | 4613 | **15228** |
| 2016 | 2359 | 3254 | 3736 | 1440 | 4605 | **15394** |
| 2017 | 2547 | 3374 | 4009 | 1382 | 4408 | **15720** |
| 2018 | 2654 | 3499 | 4265 | 1284 | 4461 | **16163** |
| 2019 November 8th | 2215 | 3052 | 3616 | 1117 | 3850 | **13850** |

സെക്ഷൻ ഓഫീസർ

അനുബന്ധം-2

| LIST OF CANCER CARE FACILITIES UNDER DHS | |
|---|---|
| **District** | **Name of Hospital** |
| **Thiruvananthapuram** | DH Nedumangadu |
| | GH Thiruvananthapuram |
| **Kollam** | District Hospital |
| | THQH, Punalur |
| **Pathanamthitta** | GH, Pathanamthitta |
| | DH Kozhenchery |
| **Alappuzha** | GH Alappuzha |
| | DH Mavelikkara |
| **Kottayam** | GH Pala |
| | DH Kottayam |
| **Idukki** | DH Thodupuzha |
| **Ernakulam** | GH Ernakulam |
| | DH North Paravur |
| **Thrissur** | THQH Vadakkancheri |
| **Palakkad** | DH Palakkad |
| | THQH Ottappalam |
| **Malappuram** | DH Tirur |
| | DH Perinthalmanna |
| | DH Nilambur |
| **Kozhikode** | DH Vadakara |
| **Wayanad** | Tribal Hospital, Nalloornadu |
| **Kannur** | DH Kannur |
| | GH Thalassery |
| **Kasaragode** | DH Kanhangad |

സെക്ഷൻ ഓഫീസർ